"അമ്മേ.... എന്നുണ്ണിക്കൊരോണ ഗാനം"

ഒട്ടേറെ ഭാവത്തിൽ   ഓരോരോ രൂപത്തിൽ
കനവുകളേറെയെൻ നെഞ്ചിലുണ്ട്
ഒന്നോന്നായെടുത്തതിൻ  ചേല്  നോക്കി
ഒക്കുന്ന  ഭാവങ്ങൾ  കോർത്തിണക്കി
ഒരുക്കണ മെന്നുണ്ണി ക്കൊരോണ ഗാനം
അതിൽ  ചിന്തയും  കണ്ണീരും  കലർന്നിടേണ്ട
പരാതിയും  മൌനവും  തീരെ  വേണ്ട
തേനും  മധുരവും  മാത്രമുള്ള
കുണുങ്ങി  ചിരിക്കുന്നൊരോണഗാനം
പൂവുക ളാ ണ വനേറെയിഷ്ടം
പൂക്കളം  തീർക്കുവാനായ്  ചിണുക്കം
എൻ  വിരൽ തുമ്പിൽ തൂങ്ങിയാടി
പൂക്കൾ പറിക്കുവാൻ  യാത്രയായി
ഉണ്ണി:
അമ്മേ ......ഈ  പൂവിനിതെന്തു  പറ്റി
മെല്ലെ  ഞാൻ  തൊട്ടപ്പോൾ  പെട്ടെന്നവൾ
കണ്ണ്  മുറുക്കെ  ചേർത്തടച്ചു
ഒരുമ്മ  കൊടുക്കുവാനാഞ്ഞപാടെ
പേടിച്ചരണ്ടപോൽ  വാടി വീണു .
അമ്മ :
അവളാണ്  കൂട്ടത്തിൽ  കുറുമ്പുകാരി
നുള്ളുമ്പോൾ  മുള്ളിനാൽ  കോറി നിൻറെ
കയ്യിൽ  മുറിപാട് ചേർത്തു വെയ്ക്കും
നാണം  ചമഞ്ഞ ഞ്ഞൊളി ച്ചിരിക്കും
ആരുമില്ലെങ്കിൽ  അണിഞ്ഞൊരു ങ്ങും .
ഉണ്ണി :
എന്തൊരു  ചന്തമീ  പൂവ്  കാണാൻ
മഞ്ഞയുടുപ്പിട്ട  കൂട്ടുകാരി
എന്തിവൾ മൂക്കിൽ  കുണുക്ക് ചാർത്തി
മഞ്ഞതുമ്പി തൻ  ചേലു ള്ള കൊമ്പു  പോലെ
അമ്മ:
മുക്കുറ്റിയാണവൾ,  മഞ്ജുളാംഗി
മഞ്ഞിൻ  മിനുപ്പു  മനസ്സിലേന്തി
മുറ്റത്ത് മംഗള  സ്വപ്നം  പോലെ
കയ്യിൽ  തെളിച്ച  വിളക്കുമായി
പൊന്നിൽ  കുളിച്ചു  ചിരിച്ചു  നിൽപോൾ

ഉണ്ണി :
ചന്തമില്ലമ്മേ ആ പൂവിനൊന്നും
നിറമില്ല , മണമില്ല തേനുമില്ല
വേണ്ട നമുക്കത് പൂക്കളത്തിൽ
പോകാം നിറമേറും പൂക്കൾ തേടി
അമ്മ:
ഉണ്ണീ.... തുമ്പയെ തേടി നാം വന്നതല്ലേ
തുമ്പിക്ക് തുള്ളുവാൻ തുമ്പ വേണ്ടേ
തുമ്പയില്ലെങ്കിൽ ഓണമുണ്ടോ?
നമ്മൾ ചമയ്ക്കുമാ പൂക്കളത്തിൽ
കാക്കരെയപ്പ ന്റെ തൃക്കാൽച്ചുവട്ടിൽ
കൊഞ്ചിക്കുഴഞ്ഞവൾ ചേർന്നിരിക്കും

ആരാണവിടെ പൊന്നൂഞ്ഞാലിൽ
ഒട്ടൊന്നുയരത്തിലാടീടുന്നു
ഉണ്ണികിടാവ് ചിരിച്ചു തുള്ളി
ഊഞ്ഞാല് നോക്കി പാഞ്ഞു പോയി
പൊന്നുണ്ണി ഊഞ്ഞാലിൽ ആടീടവേ
ആ താളത്തിൽ ഞാനൊന്ന് പാടി നോക്കി
"ആകാശം മുട്ടെ ചെന്നിട്ട്
അമ്പിളിമാമനെ കണ്ടിട്ട്
നക്ഷത്രകുഞ്ഞോളെ തൊട്ടിട്ട്
ഓടിവാ ഉണ്ണീ ഓടിവായോ "
..........................................................................................................
കാലങ്ങളേറെ കടന്നു പോയി
പൂവിളിയോ നേർത്തു നേർത്തു പോയി
ഉണ്ണി തന്നുണ്ണിയോടൊത്തങ്ങു ദൂരെ
പൂവിൻറെ നാട്ടിൽ ഞാൻ തനിച്ചുമായി

കേൾക്കുന്നുവോ കൊച്ചു മണിമുഴക്കം
ആഴ്ചകൾ തോറും ഞാൻ കാതോർത്തിരിക്കുമാ
കേൾക്കുവാനിമ്പമുള്ളേക ശബ്ദം " അമ്മേ ഇത് ഞാനാ"
തിടുക്കത്തിൽ ഓടി ഞാൻ " ഉണ്ണീ "
എന്നു വിളിപ്പതിന്നുത്തരമായ്
"അമ്മേ .. വേഗത്തിൽ ആ പഴയ പാട്ടൊന്നു പാടിടാമോ
പണ്ടെന്നെ ഊഞ്ഞാലിലാട്ടി യ പതിഞ്ഞ ഗാനം
ഉണ്ണിക്കിന്നു സ്കൂളിൽ ഒരോണ മേളം
എവരും ഓരോരോ ഗാനവുമായി
എത്തണമത്രേ, ശ ല്യമാണമ്മേ അവന്റെ കാര്യം
എനിക്കതങ്ങോർത്തോർത്തെടുക്കുവാൻ നേരമില്ല

വേഗത്തിലാവരി ഒന്ന് ചൊല്ലൂ
പെട്ടെന്ന് ഞാനത് കുറിച്ചിടട്ടെ"

തിരിച്ചൊന്നും മിണ്ടുവാനാവാതെ ഞാൻ പകച്ചു
-------------------------------------------------------------------------------------------
ഓർക്കുവാൻ നന്മയും നേരവുമില്ലെങ്കിൽ
ഓർമ്മതൻ മേള ത്തിനെന്തു ചന്തം ??
കണ്ണിൽ പൊടിഞ്ഞ നേർത്ത നീറ്റൽ
അതിഗൂഢ സ്മിതത്തിൽ മറഞ്ഞലിഞ്ഞു.

ബിന്ദു ടിജി

